# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 960 — 06.06.2018-ൽ മറുപടിയ്ക്ക്

## ഗ്രീൻഇൻഡ്യ മിഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പരിസ്ഥിതി - വനസംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻഇൻഡ്യ മിഷൻ കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം , സാന്ദ്രത മെച്ചപ്പെടുത്തൽ ,നീർചാലുകളുടെ സംരക്ഷണം ,നീർമ്മറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്കു പുറത്തു വൃക്ഷാവരണം വർധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ തൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗ ക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കൽ, ഉല്പാദന ക്ഷമതയുള്ള കാലി വളർത്തൽ പ്രോത്സാഹനം, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകര മായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം. ഗള്ളിപ്ലഗ്ഗിങ്, മനുഷ്യ- വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ ഈ പദ്ധതിയിലെ പ്രവർത്തനങ്ങളാണ്. |

| | |
|---|---|
| ബി) ഇതിനായി പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | ബി) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി ഒരു നീർത്തടാധിഷ്ഠിത പദ്ധതിയാണ്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (landscape) മേഖലകളെ അതിവിസ്തൃത ഭൂപ്രദേശം (L1),സംഘടനാ തലം (L2-operational level ), പ്രവർത്തി തലം-(L3 - working unit) എന്നിങ്ങനെ മൂന്നു തലങ്ങളായി വിഭജിച്ചാണ് പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. ആദ്യമായി പാരിസ്ഥിതിക-സാമൂഹ്യ- സാമ്പത്തിക പരിഗണനയുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു. രണ്ടാമതായി വന സാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ജൈവ വൈവിധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തിരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന സൂക്ഷ്മ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി വന മേഖലയെയും വനേതര മേഖലയെയും തിരഞ്ഞെടുത്തു ഗ്രീൻ ഇന്ത്യ മിഷന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച പ്രാദേശിക ജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു. |
| (സി) പദ്ധതി നടപ്പിലാക്കുന്ന രീതിയെ സംബന്ധിച്ച് വ്യക്തമാക്കാമോ? | (സി) ഗ്രീൻ ഇന്ത്യ മിഷന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെടെ 36 വനം ഡിവിഷനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളും, |

വാർഷിക പദ്ധതികളും FDA തലത്തിൽ സംയോജിപ്പിച്ച അംഗീകരിച്ച പദ്ധതി നടപ്പാക്കുന്നു. സാമൂഹ്യ വനവത്കരണ വിഭാഗത്തിലെ 14 ഡിവിഷനുകൾ കേന്ദ്രീകരിച്ച പുതുതായി രൂപീകരിച്ച ഗ്രാമ ഹരിത സമിതികളും പദ്ധതി നടത്തിപ്പിൽ പങ്കാളികളാണ് . ഓരോ വന വികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

**സെക്ഷൻ ഓഫീസർ**